## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 509 — 27/02/2018-ൽ മറുപടിക്ക്

### ചെറുകിട ജലവൈദ്യുത പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.സുരേഷ് കുറുപ്പ്**<br>**ശ്രീമതി.വീണാ ജോർജ്ജ്**<br>**ശ്രീ.കെ.വി.വിജയദാസ്**<br>**,, പുരുഷൻ കടലുണ്ടി** | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ അധീനതയിൽ 66.5 മെഗാവാട്ടിന്റെ 6 ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ 109 മെഗാവാട്ടിന്റെ 14 ചെറുകിട ജലവൈദ്യുത പദ്ധതികൾ പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. മേൽപറഞ്ഞ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം (1) & (2) ആയി ചേർത്തിരിക്കുന്നു. ഇതിനു പുറമേ 2018-ൽ DPR തയ്യാറാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1.ചാത്തൻ കോട്ടുനട StageI - 5 മെഗാവാട്ട്<br>2.പശുക്കടവ് - 4 മെഗാവാട്ട്<br>3.കീരിത്തോട് - 21 മെഗാവാട്ട്<br>4.മുരിക്കടവ് - 1.5 മെഗാവാട്ട്<br>5.പാംബ്ല - 10 മെഗാവാട്ട്<br>**ആകെ** 41.5 മെഗാവാട്ട്<br><br>സംസ്ഥാനത്തെ സ്വകാര്യ മേഖലയിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ വികസനത്തിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. നിക്ഷേപക സൗഹൃദമായി ചെറുകിട ജലവൈദ്യുത പദ്ധതി നയം പുറത്തിറക്കിയിട്ടുണ്ട്.<br>2. സ്വകാര്യമേഖലയുടെ സഹായത്തോടെ 'BOOT' അടിസ്ഥാനത്തിൽ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട |

| | | | |
|---|---|---|---|
| | | | ജലവൈദ്യുത പദ്ധതികൾ 30 വർഷത്തേക്ക് അനുവദിച്ചു വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 47.4 മെഗാവാട്ട് സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. ഈ 20 പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.<br>3. പാലക്കാട് ജില്ലാ പഞ്ചായത്ത് മൂന്ന് പദ്ധതികളും തൃശ്ശൂർ കോർപ്പറേഷൻ നാല് പദ്ധതികളും ഇത്തരത്തിൽ നടപ്പിലാക്കാൻ ഏറ്റെടുത്തു കഴിഞ്ഞു.<br>4. കൂടുതൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി സാദ്ധ്യതയുള്ള പദ്ധതികൾ കണ്ടെത്തുന്നതിനും ഇ.എം.സി.യും, കെ.എസ്.ഇ.ബി യും നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കേരളത്തിൽ തീരെ ചെറിയ നീരൊഴുക്കിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള സാദ്ധ്യത കൂടുതലുള്ളതിനാൽ ഇത്തരത്തിലുള്ള മാതൃകാ പദ്ധതികൾ വികസിപ്പിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | ഓരോ നദികളിലുമുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാധ്യതകൾ കണ്ടെത്തുന്നതിനും മുൻഗണന നൽകുന്നതിനുമായി ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. വടക്കൻ കേരളത്തിലെ നദികളിലെ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ സാദ്ധ്യത കണ്ടെത്തുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിലെ ഒരു ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കരമന നദികളിലെ ഇത്തരത്തിലുള്ള പദ്ധതികൾ കണ്ടെത്തുന്നതിനായി എനർജി മാനേജ്മെന്റ് സെന്ററിനു വേണ്ടി ബോർഡിലെ ഇൻവെസ്റ്റിഗേഷൻ വിഭാഗത്തിലെ ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്റർ ഉയരവ്യത്യാസം കുറഞ്ഞ സ്ഥലങ്ങളിൽ നിന്ന് വലിയ തടയണകളുടെ ആവശ്യമില്ലാത്ത പദ്ധതികൾ കണ്ടെത്തുന്നതിനുള്ള നദീ തട സർവ്വേ തിരുവനന്തപുരം ജില്ലയിൽ 2 നദികളിൽ നടത്തിക്കഴിഞ്ഞു. അടുത്തതായി കൊല്ലം ജില്ലയിലും ഇതേ സർവ്വേ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

നിർമ്മാണം നടന്നുവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ.

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദനശേഷി (MU) |
|---|---|---|---|
| 1 | കക്കയം | 3 | 10.39 |
| 2 | ഭൂതത്താൻകെട്ട് | 24 | 83.5 |
| 3 | പൊരിങ്ങൽക്കുത്ത് SHEP | 24 | 45.02 |
| 4 | അപ്പർ കല്ലാർ | 2 | 5.14 |
| 5 | ചാത്തൻ കോട്ടുനട II | 6 | 14.76 |
| 6 | പഴശ്ശിസാഗർ | 7.5 | 25.16 |
| | ആകെ | 66.5 | 183.97 |

സെക്ഷൻ ഓഫീസർ

അനുബന്ധം 2

സംസ്ഥാനത്ത് നടപ്പിലാക്കുവാനായി ആവിഷ്കരിച്ചിരിക്കുന്ന പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ.

| നമ്പർ | പദ്ധതി | സ്ഥാപിത ശേഷി (MW) | ഉല്പാദനശേഷി (MU) |
|---|---|---|---|
| 1 | പെരുവണ്ണാമുഴി | 6 | 24.7 |
| 2 | വടക്കേപ്പുഴ എക്സ്റ്റൻഷൻ | - | 0.7 |
| 3 | ചിന്നാർ | 24 | 76.45 |
| 4 | അപ്പർ ചെങ്കുളം | 24 | 53.22 |
| 5 | ലാഡ്രും | 3.5 | 12.13 |
| 6 | ഒലിക്കൽ | 5 | 10.26 |
| 7 | പൂവാരം തോട് | 3 | 5.88 |
| 8 | മാർമ്മല | 7 | 23.02 |
| 9 | ചെമ്പുകടവ് - III | 7.5 | 17.715 |
| 10 | പീച്ചാട് | 3 | 7.74 |
| 11 | വെസ്റ്റേൺ കല്ലാർ | 5 | 17.41 |
| 12 | മരിപ്പുഴ | 6 | 14.84 |
| 13 | വാളാംതോട് | 7.5 | 15.291 |
| 14 | ആനക്കയം | 7.5 | 22.83 |
| | ആകെ | 109 MW | 302..86 MU |

അനുബന്ധം 3

പദ്ധതികളുടെ ലിസ്റ്റ്

| നമ്പർ | പദ്ധതിയുടെ പേര് | ജില്ല | സ്ഥാപിതശേഷി (MW) |
|---|---|---|---|
| 1 | ആറ്റ് ലെ I | പാലക്കാട് | 6.00 |
| 2 | ആറ്റ് ലെ II | പാലക്കാട് | 6.00 |
| 3 | ബാലൻതോട് | ഇടുക്കി/എറണാകുളം | 0.25 |
| 4 | ചെറുപുഴ മിനി HEP | മലപ്പുറം | 0.6 |
| 5 | ഇടത്തനാൽകുത്ത് | ഇടുക്കി/എറണാകുളം | 0.5 |
| 6 | ഫർലോങ്കര | കണ്ണൂർ | 0.35 |
| 7 | കക്കടാംപോയിൽ II | കോഴിക്കോട് | 11.00 |
| 8 | കങ്ങപ്പുഴ | ഇടുക്കി | 0.75 |
| 9 | കാഞ്ഞിരപ്പുഴ | പാലക്കാട് | 1.00 |
| 10 | കിള്ളിക്കല്ല് | കോഴിക്കോട് | 3.00 |
| 11 | കളിരാമുട്ടി | കോഴിക്കോട് | 3.00 |
| 12 | മന്തൻപോറ്റി | പാലക്കാട് | 3.00 |
| 13 | മുള്ളരിങ്കാട് | ഇടുക്കി?എറണാകുളം | 0.15 |
| 14 | ഓണിപ്പുഴ | കോഴിക്കോട് | 1.5 |
| 15 | പഴക്കക്കാനം | കോട്ടയം/ഇടുക്കി | 2.00 |
| 16 | പേരുവ | കണ്ണൂർ | 2.00 |
| 17 | പൊത്തൻതോട് – I | കണ്ണൂർ | 0.8 |
| 18 | തിപ്പ് ളിക്കയം | പാലക്കാട് | 1.5 |
| 19 | ഉറുട്ടിപ്പുഴ | കണ്ണൂർ | 1.00 |
| 20 | വാലൻതോട് – II | മലപ്പുറം | 3.00 |
| | മൊത്തം സ്ഥാപിതശേഷി | | 47.4 |